# ബൗദ്ധസ്വാധീനം എടയ്ക്കാട്ടുവയലിന്റെ സാമൂഹിക ജീവിതത്തിൽ

**ശ്രീക്കുട്ടി കെ.**
ഗവേഷക, മലയാളവിഭാഗം
മഹാരാജാസ് കോളേജ്, എറണാകുളം

**ഡോ. റഷിമോൻ പി. ആർ.**
അസോസിയേറ്റ് പ്രൊഫസർ, മലയാളവിഭാഗം
ദി കൊച്ചിൻ കോളേജ്, കൊച്ചി 2

**പ്രബന്ധസംഗ്രഹം**

ബി.സി.ഇ. മൂന്നാം നൂറ്റാണ്ടു മുതൽ സി.ഇ. എട്ടാം നൂറ്റാണ്ടു വരെ കേരളത്തിലെ രാഷ്ട്രീയസാംസ്കാരികതലങ്ങളിൽ ശക്തമായ സ്വാധീനം ബുദ്ധമതം ചെലുത്തിയിരുന്നു. നവോത്ഥാന കേരളസംസ്കാരത്തെ രൂപപ്പെടുത്തുന്നതിൽ ഏറെ സ്വാധീനിച്ച ദർശനങ്ങളിൽ ഒന്നാണ് ബുദ്ധമതദർശനങ്ങൾ. സമൂഹത്തിൽ നിലനിൽക്കുന്ന ജാതീയവും സാമൂഹികവുമായ ഉച്ചനീചത്വങ്ങൾക്കെതിരെ ശബ്ദമുയർത്തുവാൻ ബുദ്ധമത ദർശനങ്ങൾ നവോത്ഥാന നേതാക്കളെ ഏറെ സ്വാധീനിച്ചിട്ടുണ്ട്. ബുദ്ധമതദർശനങ്ങളുടെ ശക്തമായ സ്വാധീനം കേരള സമൂഹത്തിൽ ഇന്നും അവശേഷിക്കുന്നുണ്ട്. ഈ പഠനത്തിൽ തെരഞ്ഞെടുത്തിരിക്കുന്ന പ്രാദേശിക മേഖല എടയ്ക്കാട്ടുവയൽ എന്ന ഗ്രാമപഞ്ചായത്താണ്. ബ്രാഹ്മണരും അവരുടെ ദാസന്മാരായിരുന്ന ഭരണകർത്താക്കളും ചേർന്ന് ബുദ്ധമതക്കാരെ അടിച്ചമർത്തിയപ്പോൾ ചരിത്രശേഷിപ്പുകൾ ഒന്നൊഴിയാതെ എല്ലാം നശിപ്പിച്ചതായിട്ടാണ് അനുമാനിക്കാൻ കഴിയുന്നത്. ആരാലും ശ്രദ്ധിക്കപ്പെടാതെയും സൂക്ഷ്മവിശകലനത്തിന് വിധേയമാക്കാതെയും അവഗണിക്കപ്പെട്ട ചില ശേഷിപ്പുകളാണ് ഇതിൽ പഠനവിധേയമാക്കിയിട്ടുള്ളത്.

**സൂത്രവാക്കുകൾ**

ബൗദ്ധസ്വാധീനം, പ്രാദേശികചരിത്രം, വാമൊഴിവിജ്ഞാനം.

**എ**റണാകുളം ജില്ലയിലെ കണയന്നൂർ താലൂക്കിൽ മൂവാറ്റുപുഴയാറിനോട് ചേർന്ന് കിടക്കുന്ന, കോട്ടയം ജില്ലയുമായി അതിർത്തി പങ്കിടുന്ന ഗ്രാമപ്രദേശമാണ് എടയ്ക്കാട്ടുവയൽ. എടയ്ക്കാട്ടുവയലിന്റെ സാംസ്കാംരിക പരിസ്ഥിതി (cultural environment) പരിശോധിക്കുമ്പോൾ ദിനചര്യകൾ, ആരാധനക്രമങ്ങൾ, സ്ഥലനാമങ്ങൾ, വീട്ടുപേരുകൾ, ശൈലികൾ, വ്യക്തനാമങ്ങൾ തുടങ്ങി പല ഘടകങ്ങളിലും ബുദ്ധമതത്തിന്റെ സ്വാധീനം കണ്ടെത്താനാവും. പ്രാചീന കാലം മുതൽ ഒരു പ്രധാനപ്പെട്ട വാണിജ്യപാതയായിരുന്ന മൂവാറ്റുപുഴയാർ മുസിരിസി (മുചിരി)ലേയ്ക്ക് ചരക്കുകൾ (കുരുമുളക് മുതലായവ) എത്തിച്ചിരുന്നത് മൂവാറ്റുപുഴയാറിലെ വാണിജ്യപാതയായിലൂടെയായിരുന്നു. പെരുമ്പളം - വടക്കൻ പറവൂർ - കൊടുങ്ങല്ലൂർ - ചേറ്റുവ ജലപാതയുടെ ഭാഗമായിരുന്ന മൂവാറ്റുപുഴയാറിന്റെയോരത്താണ് പഠനവിധേയമായ എടയ്ക്കാട്ടുവയൽ പഞ്ചായത്ത് പ്രദേശം.

ഒരു സമൂഹത്തിന്റെയും യഥാർത്ഥചരിത്രം സമൂഹത്തിന്റെ സാംസ്കാരികചരിത്രം കൂടിയാണ്. എഴുതപ്പെട്ടിട്ടുള്ള ചരിത്രം യഥാർത്ഥ ചരിത്രം ആയിരിക്കണമെന്നില്ല. അധികാരത്തിന്റെ ശക്തമായ ഇടപെടൽ എപ്പോഴും എഴുതപ്പെട്ട ചരിത്രത്തിന്റെ പിന്നിൽ പ്രവർത്തിച്ചിട്ടുണ്ടാകും. അതിന്റെ ഭാഗമായി പ്രാദേശികജനതയുടെ യഥാർത്ഥചരിത്രത്തെ ബ്രാഹ്മണ പുരുഷതാല്പര്യത്തിന്റെ അടിസ്ഥാനത്തിൽ പലപ്പോഴും ബ്രാഹ്മണവൽക്കരിച്ചതായി കാണാൻ സാധിക്കും. ഈ തലത്തിൽ ചരിത്രരചനയെ സമീപിക്കുമ്പോൾ പ്രാദേശികചരിത്രപഠനം ഏറെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. അതിന്റെ ഭാഗമായി പ്രാദേശികതലത്തിൽ ലഭ്യമായ സ്രോതസ്സുകളെ അടിസ്ഥാനമാക്കിയാണ് പ്രാദേശികചരിത്രപഠനം സാധ്യമാക്കിയത്. പൂർവ്വകാലജനജീവിതം, സംസ്കാരം, ഭാഷ, ചരിത്രസാമഗ്രികൾ എന്നിവയെ അടിസ്ഥാനമാക്കിയാണ് പ്രാദേശികചരിത്രരചന സാധ്യമാക്കുന്നത്. എഴുതപ്പെടാത്തതും തലമുറകളിലൂടെ വാമൊഴിയായി പകർന്നു വന്ന ഐതിഹ്യങ്ങളും വിശ്വാസങ്ങളും ആചാരങ്ങളും പൂർവ്വകാലചരിത്രവും പ്രാദേശികചരിത്രരചനയിൽ ഉപാദാനങ്ങളായി സ്വീകരിക്കുന്നുണ്ട്. പുതിയകാലത്ത് പ്രാദേശികപഠനങ്ങൾ ഏറെ

പ്രസക്തമായവയാണ്. ഭൂമിശാസ്ത്രപരമായി പ്രാദേശിക പശ്ചാത്തലത്തിൽ ഉള്ള പഠനമാണ് പ്രാദേശികചരിത്രപഠനം. ഈ പ്രാദേശികചരിത്രപഠനത്തിന്റെ പഠനമേഖല എടയ്ക്കാട്ടുവയൽ എന്ന ഗ്രാമപ്രദേശം ആണ്. ഒരു സമൂഹത്തിന്റെ പ്രാദേശികചരിത്രം അടയാളപ്പെടുത്തുന്നതിലൂടെ ദേശീയചരിത്രത്തിൽ നിന്ന് വ്യത്യസ്തമായി പ്രദേശത്തിന്റെ ചരിത്രപശ്ചാത്തലം അന്വേഷിക്കുകയും ഭൂതകാലങ്ങളിൽ തമസ്കരിക്കപ്പെട്ട പ്രാദേശികചരിത്രത്തെ അടയാളപ്പെടുത്തുകയും ചെയ്യുന്നു. പ്രാദേശികമായ ലഘു ആഖ്യാനങ്ങൾക്ക് പ്രതിരോധമൂല്യം ഏറിയതായതിനാൽ പ്രാധാന്യം അർഹിക്കുന്നു.

**ബൗദ്ധകാലത്തെ ചരിത്രശേഷിപ്പുകൾ**

**വേലത്തിക്കല്ല്**

എടയ്ക്കാട്ടുവയൽ വില്ലേജ് കാനായ്ക്കോട് ദേശത്ത് നടയ്ക്കകം പാടത്ത് ഇപ്പോഴും വേലത്തിക്കല്ല് കാണപ്പെടുന്നു. ഏഴ് അടിയോളം നീളത്തിൽ അടിയിൽ അര അടി സമചതുരത്തിൽ തുടങ്ങി ഒരുസ്തൂപം പോലെ കാണപ്പെടുന്നതാണ് ഈ കല്ല്. “എന്റെ മരണാനന്തരം അസ്ഥിയും ഭസ്മവും ഉള്ളടക്കം ചെയ്ത് സ്തൂപങ്ങൾ നാട്ടുക. ബുദ്ധന്മാർക്കും അർഹതന്മാർക്കും വേണ്ടി ഉയർത്തുന്ന ധാതു ഗർഭങ്ങൾ കാണുമ്പോൾ ജനങ്ങൾക്ക് ശാന്തിയും സന്തോഷവും അനുഭവപ്പെടും” എന്നും അതിനായ് സ്തൂപങ്ങൾ നാട്ടണം എന്ന് ബുദ്ധൻ ആനന്ദനോട് നിർദ്ദേശിച്ചിരുന്നു (സുഗതൻ, 2011). ഇവിടെ കാണുന്ന വേലത്തിക്കല്ല് സ്തൂപങ്ങളോട് രൂപസാദൃശ്യമുള്ളവയാണ്. അതിൽ അര അടി അകലത്തിൽ വെട്ടിയുണ്ടാക്കിയ പാടുകൾ കാണാം. നൂറ്റാണ്ടുകൾക്ക് മുൻപേയുള്ളതാണ് ഈ സ്തൂപം (വേലത്തിക്കല്ല്). രണ്ടു മൂന്നു തലമുറകൾക്ക് മുൻപേ ഈ കല്ല് അവിടെയുണ്ടായിരുന്നു. ഒരു തോടിൽ കുറുകെ കിടക്കുന്നതുകൊണ്ട് ആയിരക്കണക്കിന് ആളുകൾ തലയിൽ ചുമടേറ്റി ചവിട്ടി കടന്നുപോയിട്ടുണ്ട് എന്ന് പ്രായമേറിയവരും ഓർത്തെടുക്കുന്നുണ്ട്. അരയൻകാവ് മുതൽ തൃപ്പൂണിത്തുറ വരെയുള്ള പ്രദേശത്ത് നിന്നും നടുകൽ, വീരക്കല്ല് മുതലായ സ്മാരകശിലകൾ കണ്ടുകിട്ടുന്നത് ഒരു അപൂർവ്വ കാഴ്ചയായിരുന്നില്ല എന്ന് പ്രാദേശികചരിത്രകാരൻ വി.വി.കെ. വാലത്ത് (1991: 113) സമർ

ത്ഥിക്കുന്നുണ്ട്. എന്നാൽ ഈ കല്ലിനെ 'മീൻ പിശാച്' എന്ന് വിശേഷിപ്പിച്ചുകൊണ്ടും, രാത്രി സമയങ്ങളിൽ അവിടെനിന്ന് തുണി അലക്കുന്ന ശബ്ദം കേൾക്കാം എന്നു പറഞ്ഞുകൊണ്ട് ഒരു കഥ നാട്ടിൽ പ്രചരിക്കുന്നുണ്ട്. ഈ നാട്ടുകഥയെ വിമർശന ബുദ്ധ്യാസമീപിക്കുമ്പോൾ ഈ കല്ലിന് ജനങ്ങൾ നൽകാനിടയുള്ള ബഹുമാനത്തെയും ആരാധനയെയും ഇല്ലാതാക്കുവാൻ ആയിരിക്കാം ഇത്തരത്തിൽ ഒരു കെട്ടുകഥ പ്രചരിപ്പിച്ചിട്ടുള്ളത്.

വേലത്തിക്കല്ല് കാണപ്പെടുന്ന പ്രദേശത്തിന് ചുറ്റുമുള്ള പ്രദേശങ്ങളിലെ പറമ്പുപേരുകളിൽ ബൗദ്ധസ്വാധീനം കണ്ടെത്താനായിട്ടുണ്ട്. 'അർക്കത്തടം', 'താമരശ്ശേരി', 'ഇടച്ചേരി', 'ഈഴവീട്', 'നടുവിലെ ഈഴവീട്', 'പടിഞ്ഞാറെ ഈഴവീട്' തുടങ്ങിയ അതിനുദാഹരണങ്ങളാണ്.

'അർഹതന്മാരുടെ കേന്ദ്രമാ'യിരുന്നതിനാലാവാം 'അർക്കത്തടം' എന്ന പേരുവരാൻ കാരണം. താമര ബുദ്ധമതത്തിന്റെ എട്ട് അടയാളങ്ങളിൽ ഒന്നാണ്. 'താമരചേരി'യുടെ പരിണിതരൂപമായിരിക്കാം 'താമരശ്ശേരി' ഈഴയെന്ന പദത്തിനു ബുദ്ധമതവുമായുള്ള ബന്ധം വ്യക്തമാണ്. പ്രധാനപ്പെട്ട ഒരു ബുദ്ധകേന്ദ്രം ഈ പ്രദേശത്ത് ഉണ്ടായിരുന്നിരിക്കാം. അതിനാൽ ആയിരിക്കാം അതിന്റെ അടിസ്ഥാനത്തിൽ ദിശയുടെ ഒപ്പം 'ഈഴവീട്' എന്ന പേരുകൾ പറമ്പുകൾ വന്നത് എന്ന് വിലയിരുത്താവുന്നതാണ്. 'ഇടച്ചേരി' പശുവളർത്തലുമായി ബന്ധപ്പെട്ടതായിരിക്കാം. മോഷണം പോകുന്ന ഗോക്കളെ വീണ്ടെടുക്കുന്നതിനുള്ള ശ്രമങ്ങൾക്കിടയിൽ മരിച്ചു പോകുന്നവരെ അടക്കുമ്പോഴും വേലത്തിക്കല്ലുകൾ നാട്ടിയിരുന്നതായി സൂചനകൾ ഉണ്ട്. 'വേലത്തിക്കല്ല്' ഇടച്ചേരി പറമ്പിനോട് ചേർന്നു കിടക്കുന്നതിനാൽ വിമർശന ബുദ്ധ്യാൽ വിലയിരുത്തുമ്പോൾ അങ്ങനെ വീരചരമം പ്രാപിച്ച ഒരാളുടെ സ്മരണാർത്ഥം സ്ഥാപിക്കപ്പെട്ടതാവാൻ ഉള്ള സാധ്യതയും തള്ളിക്കളയാനാവില്ല.

**വാസ്തുശില്പകലയിലെ ബൗദ്ധസ്വാധീനം**

ഈ ഗ്രാമത്തിൽ കൈപ്പട്ടൂർ എന്ന പ്രദേശത്ത് സ്ഥിതിചെയ്യുന്ന നരസിംഹസ്വാമിക്ഷേത്രം വട്ടശ്രീകോവിലോട് കൂടിയതാണ്. വട്ടശ്രീകോവിലുകൾ തേരാവാദരീതിയിലെ മഹാസ്തൂപത്തിന്റെ

വാസശില്പപരിണാമമാണ്. ഈ ക്ഷേത്രത്തിന്റെ കാലപ്പഴക്കം പരിഗണിച്ചുകൊണ്ട് പുരാവസ്തുവകുപ്പ് ഈ ക്ഷേത്രം ഏറ്റെടുത്തിട്ടുള്ളതാണ്. ചേരമാൻ പെരുമാളിന്റെ കാലത്ത് പണികഴിപ്പിച്ചു എന്ന് വിശ്വസിക്കുന്ന ഈ ക്ഷേത്രത്തിലെ വട്ടശ്രീകോവിൽ ബൗദ്ധവാസ്തുശില്പസ്വാധീനത്തെയാണ് വ്യക്തമാക്കുന്നത്. മാത്രവുമല്ല ഈ ക്ഷേത്രത്തിന്റെ സോപാനപ്പടികളിലും ഓവിലും സിംഹവ്യാളിരൂപങ്ങൾ കാണാൻ ആകുന്നുണ്ട്. വട്ടവും മുക്കാൽവട്ടവും വികസിച്ചുവരുന്നത് തികച്ചും ബുദ്ധവാസ്തുശില്പശൈലികളിൽ നിന്നാണ്. "സോപാന കൈവരകളിൽ ഗജസിംഹവ്യാളരൂപങ്ങൾ ബൗദ്ധശൈലിയുള്ള തെക്കനേഷ്യൻ വാസ്തുശില്പകലയുടെ സ്വാധീനം അടയാളപ്പെടുത്തുന്നു." (അജയ് ശേഖർ, 2018, 189-190) ക്ഷേത്രത്തിലെ പ്രധാന ജലസ്രോതസ്സ് കൊക്കരണിയാണ്. കൊക്കരണികൾ കിണറുകൾക്ക് സമാനമായവയാണെങ്കിലും പടവുകൾ ഇറങ്ങി ചെന്ന് വെള്ളം ശേഖരിക്കാവുന്നവയാണ്. കൊക്കരണി എന്ന വാക്കു തന്നെ പാലിഭാഷയിലെ പദമാണ്. ക്ഷേത്രത്തിലെ പ്രതിഷ്ഠയെ കൈപ്പട്ടൂർ തേവർ എന്നാണ് വിശേഷിപ്പിക്കുന്നത്. 'തേവർ'എന്ന പദവും ബൗദ്ധസ്വാധീനത്തെയാണ് വെളിപ്പെടുത്തുന്നത്.

**ആരാധനക്രമത്തിലെ ബുദ്ധമതസ്വാധീനം**

കേരളത്തിലെ പല ക്ഷേത്രങ്ങളുടെയും ചരിത്രം പരിശോധിക്കുമ്പോൾ അവയിൽ പലതും ബൗദ്ധാരാധനാലയങ്ങൾ ആയിരുന്നു എന്നത് വ്യക്തമാണ്. കൊടുങ്ങല്ലൂർക്കാവ് പോലുള്ള അതിന് ഉത്തമ ഉദാഹരണങ്ങളാണ്. ഹൈന്ദവ ആരാധനാലയങ്ങൾ ആയെങ്കിലും ഇന്നും ഈ ക്ഷേത്രങ്ങളുടെയെല്ലാം ആരാധനാക്രമത്തിൽ കൃത്യമായ ബുദ്ധമത സ്വാധീനം കണ്ടെത്താനാകും.

എടക്കാട്ടുവയലിൽ കാനായിക്കോട് ദേശത്തെ വട്ടപ്പാറയിൽ സ്ഥിതിചെയ്യുന്ന പ്രധാന ആരാധനാലയമാണ് പള്ളിക്കകാവ് ഭഗവതിക്ഷേത്രം. ഈ ക്ഷേത്രവുമായി ബന്ധപ്പെട്ട വാമൊഴിചരിത്രം പരിശോധിക്കുമ്പോൾ ഒരു പള്ളി ഇരുന്ന പ്രദേശത്ത് കൊടുങ്ങല്ലൂർ ഭഗവതി ഇടം ഉറപ്പിച്ചതായ ഒരു മിത്ത് കണ്ടെത്താനാകും (അജു കെ. നാരായണൻ, 2012: 33). ക്ഷേത്രം സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ നാമം പള്ളിക്കനിരപ്പേൽ എന്നാണ്

സ്ഥലനാമചരിത്രവും ഈ ക്ഷേത്രത്തിനു പിന്നിലെ മിത്തും പരിശോധിക്കുമ്പോൾ ഒരു പള്ളിയാണ് കാവായി മാറിയത് എന്ന് വ്യക്തമാണ്.

പ്രാദേശികചരിത്രപഠനത്തിൽ പ്രാധാന്യം അർഹിക്കുന്ന ഒന്നാണ് വാമൊഴിചരിത്രം. എന്നാൽ നാട്ടുകഥകളിൽ ഈ പള്ളി മുസ്ലിം ആരാധനാലയമായാണ് അടയാളപ്പെടുത്തുന്നത്. ക്ഷേത്രത്തിന്റെ സമീപപ്രദേശങ്ങളിൽ ഒന്നും ഇസ്ലാംമത വിശ്വാസികളെ കണ്ടെത്താനാകുന്നില്ല. ആ പ്രദേശത്ത് ഒരു മുസ്ലിം ആരാധനാലയം ഉണ്ടായിരുന്നു എന്നതിന് യാതൊരുവിധ തെളിവും ലഭ്യമല്ല. ഈ ക്ഷേത്രത്തിൽ വസൂരി രോഗചികിത്സയുമായി ബന്ധപ്പെട്ട് രോഗശമനം നൽകുന്ന വസൂരിമാല സങ്കല്പം നിലനിൽക്കുന്നുണ്ട്. ബുദ്ധമതത്തിലെ മാരിഷി ദേവത സങ്കല്പമായി വസൂരിമാല സങ്കല്പത്തിന് ബന്ധമുണ്ട്. നാട്ടിൽ ഒരു കാലത്ത് വസൂരിരോഗം പടർന്നുപിടിച്ചിരുന്നു. അന്ന് ധാരാളം ആളുകൾ മരിച്ചിരുന്നതായും പഴമക്കാർ പറയുന്നു. ഏറെ പ്രായമായവരുടെ ഓർമ്മകളിൽ അവരുടെ ചെറുപ്പകാലങ്ങളിൽ വീടിനും മറ്റുമായി ആഴത്തിൽ കുഴിയെടുത്തിരുന്നപ്പോൾ ഒന്നിലേറെ മനുഷ്യാസ്ഥികൂടങ്ങൾ ലഭിച്ചിരുന്നതായി പറയുന്നു. അത് ഈ പ്രദേശത്തെ കൂട്ടമരണത്തെയാണ് വെളിപ്പെടുത്തുന്നത്. വസൂരിരോഗത്തിൽ നിന്ന് പ്രദേശവാസികളെ രോഗശമനം നൽകി രക്ഷിച്ചത് പള്ളിക്കകാവിലമ്മയാണ് എന്നാണ് പ്രദേശത്തെ വിശ്വാസം. ബൗദ്ധക്ഷേത്രങ്ങളിൽ ചികിത്സ നടത്തിയിരുന്നു. രോഗശമനം ലഭിച്ചിരുന്നത് കാവിലമ്മയുടെ അനുഗ്രഹമായി പ്രദേശവാസികൾ കരുതുന്നു. വസൂരിരോഗചികിത്സയും ആയി ബന്ധപ്പെട്ട ബുദ്ധമതസന്യാസിമാർക്കുണ്ടായിരുന്ന വൈദഗ്ധ്യം ഏറെ കീർത്തി കേട്ടിട്ടുള്ളതാണ്.

ഈ ആരാധനാലയത്തിൽ ഇന്നും നടത്തപ്പെടുന്ന താലപ്പൊലി ബുദ്ധമതത്തിന്റെ ശക്തമായ സ്വാധീനതയാണ് വ്യക്തമാക്കുന്നത്. ബൗദ്ധ ആരാധനാക്രമത്തിൽ പ്രാർത്ഥനയ്ക്കുശേഷം രുചിയേറിയ ഭക്ഷണം പ്രസാദമായി നൽകിയിരുന്നു. ക്ഷേത്രത്തിൽ ഇന്നും ഉത്സവത്തോടനുബന്ധിച്ച് നടത്തുന്ന പാനക്കഞ്ഞി വഴിപാട് ബൗദ്ധാചാരങ്ങളുടെ അവശിഷ്ടം ആയിട്ടാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. ക്ഷേത്രത്തിലെ പ്രധാന പ്രതിഷ്ഠ

കാളിയാണ്. ബുദ്ധമാതാവായ മഹാമായയാണ് ഹൈന്ദവ ക്ഷേത്ര ങ്ങളിലെ കാളി സങ്കല്പമായി പരിണമിച്ചിട്ടുള്ളത് (അജു കെ. നാ രായണൻ, 2012: 105). ക്ഷേത്രത്തോട് ചേർന്നു നിൽക്കുന്ന ആൽ ബുദ്ധമതത്തിലെ ബോധിവൃക്ഷം തന്നെയാണ്. ക്ഷേത്രത്തിലെ ഉത്സവാഘോഷങ്ങളിൽ ആനയുടെ സാന്നിധ്യം ശ്രദ്ധേയമാണ്. കേരളത്തിലെ തന്നെ ആനപ്രേമത്തിന്റെ സംസ്കാരചരിത്രത്തി ന്റെ ഉത്ഭവം തന്നെ ബുദ്ധമതവുമായി ബന്ധപ്പെട്ടതാണ്.

ക്ഷേത്രത്തിലെ പാനമഹോത്സവനാളുകളിൽ തോന്നല്ലൂർ വിരാട് വിശ്വബ്രഹ്മസമാജത്തിന്റെ നേതൃത്വത്തിൽ ഇന്നും കെ ട്ടുകാഴ്ചയുടെ പരിണിതരൂപമായ ഒരു ഘോഷയാത്ര നടത്തപ്പെ ടുന്നുണ്ട്.വെളുത്ത വലംപിരി ശംഖ്, മുത്തുക്കുട, വെന്നികൊടി, സ്വർണ്ണമത്സ്യം, താമരപ്പൂവ്, ധർമ്മചക്രം, നിധികുംഭം, ശ്രീരേഖ മുതലായവ ബുദ്ധമതത്തിലെ എട്ട് പവിത്ര വസ്തുക്കളാണ്. നിധ കുംഭത്തിന്റെ പ്രതീകമായിട്ടായിരിക്കാം ഈ ഘോഷയാത്രയിൽ ഇന്നും ഉപയോഗിക്കുന്ന കുംഭകുട സങ്കല്പം. ഉത്സവങ്ങളും ഉത്സവ ഘോഷയാത്രകളും മറ്റും ബുദ്ധമതത്തിൽ നിന്നു കടം കൊണ്ട വയാണ് (അജു കെ. നാരായണൻ, 2012: 36). മാത്രവുമല്ല ഈ ക്ഷേത്രത്തിന് മുൻപ് നിലനിന്നിരുന്ന പള്ളിയിൽനിന്നും കൊ ടുങ്ങല്ലൂർ ഭഗവതി ക്ഷേത്രത്തിലേക്ക് മുറുക്കാൻ ചതച്ച് കൊടുത്തു വിട്ടതായി പറയുന്നുണ്ട്. അതിൽ രോക്ഷാകുലയായ ഭഗവതി പള്ളിയിരുന്ന പ്രദേശത്തെ നശിപ്പിച്ച് അവിടെ അധിവസിച്ചു എന്നാണ് ഐതിഹ്യത്തിൽ പറയുന്നത്. നാടൻ വിശ്വാസങ്ങളും ഐതിഹ്യങ്ങളും പൂർണമായി ചരിത്ര സാമഗ്രിയായി ഉപയോഗ പ്പെടുത്തുവാനാവില്ല. എങ്കിലും മുറുക്കാൻ ചതച്ച് കൊടുക്കുന്ന ഒരു പതിവ് ബൗദ്ധ ആരാധനയുമായി ബന്ധപ്പെട്ടു നിലനിന്നിരുന്നു (അജു കെ. നാരായണൻ, 2012: 33). അതിശയോക്തി കൽപ്പന യോടെ പ്രചരിപ്പിച്ച ഒരു കഥയാകാം ക്ഷേത്രവുമായി ബന്ധപ്പെട്ട ഐതിഹ്യം. എന്നാൽ അവയിലെ അതിശയോക്തി കല്പനകൾ മാറ്റിനിർത്തി പരിശോധിച്ചാൽ ബുദ്ധമതസ്വാധീനമുള്ള ചരിത്ര ങ്ങളെ കണ്ടെത്താൻ ആകുന്നുണ്ട്. ബുദ്ധപള്ളിയെ മുസ്ലിംപള്ളി യായി നാട്ടുമൊഴികളിൽ വ്യാഖ്യാനിച്ചത് മുസ്ലിം പക വളർത്തി യെടുക്കുന്നതിനായിട്ടാണെന്ന് നിഗമിക്കാം. ബുദ്ധമതവൈര്യം ഊട്ടിയുറപ്പിക്കുന്നതിനും അതിലൂടെ മുസ്ലിംപകയും വളർത്തിയെ

ടുക്കുക എന്നൊരു ഗൂഢബ്രാഹ്മണിക ലക്ഷ്യം ഇതിനുപിന്നിൽ പ്ര വർത്തിച്ചിട്ടുണ്ടാകും. ക്ഷേത്രത്തിന്റെ സമീപപ്രദേശത്ത് താമസി ക്കുന്നവരിൽ ഏറിയ പങ്കും ഈഴവവിഭാഗത്തിൽപ്പെട്ടവരാണ്. ഈഴവസമുദായത്തിന് ബുദ്ധമതവുമായുള്ള ബന്ധം ചരിത്രകാര ന്മാർ വ്യക്തമാക്കിയിട്ടുണ്ട്. 'ഈഴത്തു നിന്ന് വന്ന ബുദ്ധസന്യാ സികളുടെ പിൻഗാമികളാണ് പിൽക്കാലത്ത് ഈഴവർ എന്ന് അറിയപ്പെട്ടിരുന്നത് (അജയ് ശേഖർ, 2018: 3) ക്ഷേത്രത്തിന്റെ ചേർന്നുള്ള പ്രദേശങ്ങളിൽ ഈഴവവിഭാഗത്തിൽപ്പെട്ട ധാരാളം പ്രദേശവാസികൾ ഉണ്ട്. ക്ഷേത്രത്തിനോട് ചേർന്ന് ചതുരാകൃതി യിലുള്ള ജലസ്രോതസ്സുണ്ട്. ചതുരക്കിണറുകൾ ബുദ്ധസംസ്കാരം നിലനിന്നിരുന്ന സ്ഥലങ്ങളിൽ ധാരാളമായി കാണുന്നുണ്ട്.

ഓരോ ആരാധനാലയങ്ങൾക്കും ബുദ്ധമതത്തിൽ ഓരോ ലക്ഷ്യങ്ങളുണ്ടായിരുന്നു. 'വട്ടങ്ങൾ' ചികി ത്സാർത്ഥം സ്ഥാപി തപ്പെട്ടിരുന്ന ചൈത്യങ്ങളായിരുന്നു. പള്ളിക്കകാവ് ക്ഷേത്രം ഇരിക്കുന്ന പള്ളിക്കനിരപ്പേൽ എന്ന പ്രദേശം പൊതുവായി അറിയപ്പെടുന്നത് വട്ടപ്പാറയെന്നാണ്. അമ്പലമായി ബന്ധപ്പെട്ട നാട്ടുകഥകളിൽ കേരളത്തിൽ തന്നെ വടി പൂജിക്കുന്ന ഒരേയൊരു ആരാധനാലയം എന്ന് അടയാളപ്പെടുത്തിയിട്ടുണ്ട് (അജയ് ശേഖർ, 2018: 18). ഈ വടി കൊടുങ്ങല്ലൂർ ക്ഷേത്രത്തിൽ നിന്ന് കൊടുത്തയച്ചതാണെന്ന് നാട്ടുകഥയിൽ നിന്ന് വ്യക്തമാണ്. ബുദ്ധമതത്തിന്റെ സ്തൂപത്തിന്റെ പ്രതീകമായി സ്ഥാപിക്കപ്പെട്ട വടിയാകാമെന്ന് ഇതിനെ അനുമാനിക്കാം. ഈ വടിയാകാം പിന്നീട് ക്ഷേത്രത്തിൽ ആരാധിക്കപ്പെട്ടിരുന്നത്. കൊടുങ്ങല്ലൂർ ക്ഷേത്രത്തിനുള്ള ബുദ്ധമതബന്ധം വ്യക്തമാണ്. ഹൈന്ദവ ക്ഷേ ത്രങ്ങളിൽ വടിയെ ആരാധിക്കുന്ന പതിവില്ല. സ്തൂപത്തെ ആരാ ധിക്കുന്നത് ബുദ്ധമതവുമായി ബന്ധപ്പെടുത്താവുന്നതുമാണ്.

വടി സ്ഥാപിച്ച വേളയിൽ അവിടെ ഒരു ദിവ്യപ്രകാശം കണ്ടിരുന്നതായി നാട്ടുകഥയിൽ പരാമർശിക്കുന്നുണ്ട്. വസൂരി രോഗത്തിന്റെ പടർച്ചയിൽ ജനങ്ങൾക്കിടയിൽ ബുദ്ധമതത്തി ന്റെ സ്വാധീനവും വിശ്വാസ്യതയും വർദ്ധിച്ചതിനെയാവാം ഭാവ നാത്മകമായി പ്രകാശമായി വിശേഷിപ്പിച്ചിട്ടുള്ളത്.

“ചരമശയ്യയിൽ ബുദ്ധൻ ആനന്ദനോട് സ്തൂപങ്ങൾ സ്ഥാപി ക്കുന്നതിനെക്കുറിച്ച് പരാമർശിക്കുമ്പോൾ സ്തൂപങ്ങൾ സ്ഥാപിക്ക

പ്പെടുന്ന ഇടങ്ങളിൽ ശാന്തിയും സമാധാനവും അനുഭവപ്പെടാം" എന്നു പറയുന്നുണ്ട് (അജയ് ശേഖർ, 2018: 241). നാട്ടുകഥയിലെ സൂചനകളെ രോഗശമനവുമായി ബന്ധപ്പെട്ട് വിലയിരുത്തുമ്പോൾ ബുദ്ധമത സ്വാധീനത്തിന്റെ സാധ്യത തള്ളിക്കളയാനാവില്ല.

വടി നാട്ടിയ പ്രദേശമാണ് കുളമായത് എന്ന് നാട്ടുകഥയിൽ പരാമർശമുണ്ട്. 'കുളം' 'പള്ളി' 'വട്ടം' 'കാവ്' തുടങ്ങി ക്ഷേത്രവുമായി ബന്ധപ്പെട്ടനാട്ടുകഥയിലെ മുദ്രകൾ ബുദ്ധമതവുമായി പ്രത്യക്ഷബന്ധമുള്ളവയാണ് (അജയ് ശേഖർ, 2018: 35). ക്ഷേത്രം ഇരിക്കുന്ന പള്ളിക്കനിരപ്പേൽ എന്ന പ്രദേശം പൊതുവേ വട്ടപ്പാറയെന്നാണ് അറിയപ്പെടുന്നത്. ഭൂമിശാസ്ത്രപരമായ പ്രത്യേകതയാൽ രൂപപ്പെട്ട സ്ഥലനാമമല്ല വട്ടപ്പാറ. ഈ സ്ഥലനാമത്തെ 'വട്ടപ്പള്ളി'യുമായി ബന്ധപ്പെടുത്തി വിശകലനം ചെയ്യാവുന്നതാണ്. 'വട്ടപ്പള്ളികൾ' രോഗശമനം നടത്തുന്ന ബുദ്ധപ്പള്ളികൾ ആയിരുന്നു (സുഗതൻ, 2011: 30). 'വട്ടപ്പള്ളി'യുടെ പരിണിതരൂപമായി രൂപപ്പെട്ടതാവാം പള്ളിക്കനിരപ്പേൽ, വട്ടപ്പാറ എന്നീ പ്രദേശനാമങ്ങൾ.

പള്ളിക്കകാവ്, നെട്ടും പുറത്തുകാവ്, മരങ്ങനാട്ടുകാവ് തുടങ്ങി ചെറുതും വലുതുമായ ധാരാളം ദേവിക്ഷേത്രങ്ങൾ പ്രദേശത്തു കാണാൻ സാധിക്കുന്നുണ്ട്. ക്ഷേത്രങ്ങളോടു ചേർന്ന് കാവുകളും ആരാധനാസമ്പ്രദായത്തിൽ ഉൾപ്പെടുന്നുണ്ട്. ഇവയ്ക്കു പുറമേ ധാരാളം സർപ്പക്കാവുകളും പ്രദേശത്തുണ്ട്. 'കാവുകൾ, സർപ്പാരാധന മുതലായ ആരാധനാസമ്പ്രദായം ബുദ്ധമതത്തിന്റെ സ്വാധീനമാണ്'" ക്ഷേത്രങ്ങളോട് ചേർന്ന് ചെടികൾ നട്ടുവളർത്തുന്നരീതി നിലവിലും തുടർന്നുപോരുന്നുണ്ട്. ക്ഷേത്രങ്ങളോട് ചേർന്ന് ചെടികൾ വച്ചു പിടിപ്പിക്കുന്നത് ബൗദ്ധാരാമസങ്കല്പത്തിന്റെ സ്വാധീനഫലമായാണ്.

### പറമ്പ്/കുടി/സ്ഥലപേരുകളിലെ ബുദ്ധമതസ്വാധീനം

വീട്ടുപേരുകളുടെയും സ്ഥലപേരുകളുടെയും ഉത്പത്തി ചരിത്രം, പദനിഷ്പത്തി വിചാരത്തിൽ മാത്രം ഒതുങ്ങുന്നവയല്ല. "ഊരുകളും കാടുകളും കുളങ്ങളും കോട്ടുകളും പാടികളും പതികളും പള്ളികളും ചേരികളും പറമ്പുകളും പെരുകുന്നതാണ് കേരളത്തിലെ സ്ഥലപേരുകൾ. ഇവയിൽ അധികവും തമിഴം

പാലിയും പൊലിക്കുന്ന തായ്യേവുകളായി പോതിമരത്തെ പോലെ മണ്ണിലാണ്ടിറങ്ങിയിരിക്കുന്നു (അജയ് ശേഖർ, 2018: 1). സ്ഥലപേരുകളുടെ ഉല്പത്തിക്കു പിന്നിൽ കൃത്യമായ ഒരു ചരിത്രം ഉൾചേർന്നിട്ടുണ്ടായിരിക്കും. കാട്, കുളം, ചേരി, പള്ളി, പറമ്പ് ചേർന്നുവരുന്ന പറമ്പ്/ കുടി/ സ്ഥലപേരുകൾ പ്രദേശത്തെ ബുദ്ധമതസ്വാധീനത്തിന്റെ ശേഷിപ്പുകളാണ്. 'കണക്കഞ്ചേരി മല' എന്ന സ്ഥലപേരും 'കണക്കഞ്ചേരി' എന്ന വീട്ടുപേരും നിലവിലുണ്ട്. ഓക്സ്ഫോർഡ് ഇംഗ്ലീഷ് ഡിക്ഷണറിയിൽ 'ചേരി' എന്ന പദത്തിന്റെ അർത്ഥം ആയി നൽകിയിരിക്കുന്നത് 'ബുദ്ധഭിക്ഷുക്കളായ ലാമമാരുടെ വിഹാരം' എന്നാണ്" (അജയ് ശേഖർ, 2018: 207). പിന്നീട് ബ്രാഹ്മണതന്ത്രങ്ങളുടെ ഭാഗമായി 'ചേരി' അവർണ്ണരുടെ വാസസ്ഥലം സൂചിപ്പിക്കുവാനായി ഉപയോഗിച്ച് തുടങ്ങി.

പ്രദേശത്തെ സ്ഥലനാമമായ 'പൂവക്കാപ്പിള്ളി' എന്ന സ്ഥലനാമത്തെക്കുറിച്ച് 'പൂക്കളുള്ള പള്ളിയെന്ന്' അടയാളപ്പെടുത്തുന്നുണ്ട് (അജയ് ശേഖർ, 2018: 73). പൂക്കൾ ഉള്ള പള്ളി എന്ന അർത്ഥത്തിലാവാം ഈ പേരുകൾ അടയാളപ്പെടുത്തിയിട്ടുള്ളത്. നന്ത്യാർവട്ടപ്പൂവ് പ്രദേശത്തെ പഴയകാല വീടുകളിൽ ധാരാളമായി കാണുന്നുണ്ട്. കണ്ണിന്റെ ചികിത്സയ്ക്കായി വട്ടങ്ങളിൽ ഉപയോഗിച്ചിരുന്ന പൂവാണ് നന്ത്യാർവട്ടപൂവ്. തേരന്മാർ ശ്രീലങ്കയിൽ നിന്ന് ചികിത്സാർത്ഥം കൊണ്ടുവന്ന പൂവിന്റെ വ്യാപനവും പൂക്കളുടെ പള്ളി പ്രദേശത്തുണ്ടായിരുന്നു എന്നതിനെ പ്രബലപ്പെടുത്തുന്നു.

'കോത' എന്ന പദം 'ഗൗതമൻ' എന്ന പദത്തിന്റെ തദ്ഭവരൂപമാണ്. 'കോതകുളം' വീട്ടുപ്പേരും നിലവിലുണ്ട്. 'കുളം' ചേർന്നുവരുന്ന പറമ്പ്/കുടി പേരുകൾ ബുദ്ധമതസ്വാധീനത്തെയാണ് വ്യക്തമാക്കുന്നത്. എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്തിന്റെ വില്ലേജ് രേഖകളിൽ 'അയ്യകുന്ന്' എന്ന ഒരു ദേശം അടയാളപ്പെടുത്തുന്നുണ്ട്. 'അയ്യ' ചേർന്നു വരുന്ന പദങ്ങൾ ബുദ്ധനാമത്തിന്റെ ഗ്രാമ്യപേരുകളാണ്. അയ്യകുന്നം എന്ന ദേശം ഇപ്പോൾ റവന്യൂ രേഖകളിൽ മാത്രമാണ് പരാമർശിക്കപ്പെടുന്നത്.

വട്ടം ചേർന്നുവരുന്ന സ്ഥലനാമങ്ങൾ എടയ്ക്കാട്ടുവയൽ ഗ്രാമത്തിൽ കാണാൻ സാധിക്കുന്നുണ്ട്. വട്ടപ്പാറ എന്ന സ്ഥലപേര്

ഇതിനൊരു ഉദാഹരണമാണ്. പ്രാചീന ബൗദ്ധവാസ്തുശില്പമായ "സ്തൂപം അഥവാ മുട്ടത്തെ (വട്ടത്തെ) സൂചിപ്പിക്കുന്ന പദങ്ങൾ ബൗദ്ധബന്ധത്തെ സൂചിപ്പിക്കുന്നവയാണ് (അജയ് ശേഖർ, 2018: 241). വട്ടപ്പാറ എന്ന സ്ഥലനാമം പ്രകാശിപ്പിക്കുന്നത് ബൗദ്ധബന്ധമാണ്. കൂടാതെ മരുന്നുകൾ കൊടുത്തിരുന്ന ദേവാലയം വട്ടം എന്നാണറിയപ്പെട്ടിരുന്നത് (സുഗതൻ, 2011: 91). പാറയുണ്ടായിരുന്ന വട്ടമായിരിക്കാം വട്ടപ്പാറ ആയി രൂപപ്പെട്ടത്.

തൊട്ടൂര്, ഊരകം, കൈപ്പട്ടൂര് മുതലായ 'ഊര്' ചേർന്ന് വരുന്ന സ്ഥലപേരുകൾ ധാരാളമായി എടയ്ക്കാട്ടുവയൽ പ്രദേശത്ത് കാണുന്നുണ്ട്. ബുദ്ധന്റെ ഊരിനെ 'പുത്തനൂര്' (അജയ് ശേഖർ, 2018: 35). എന്ന വിശേഷിപ്പിച്ചിരുന്നു. അതിന്റെ സ്വാധീനഫലമായിട്ടാവാം 'ഊര്' ചേർന്ന് വരുന്ന സ്ഥലപേരുകൾ രൂപപ്പെട്ടിട്ടുള്ളത്. കൈപ്പട്ടൂരിലെ കൃഷിയിടങ്ങൾ കരിപ്പാടങ്ങളായിരുന്നു കരിപ്പാടങ്ങളെ കൈപ്പാട് എന്നും പറയുന്നുണ്ട്. കൈപ്പാട് ഊര് ആണ് കാലാന്തരത്തിൽ കൈപ്പട്ടൂർ ആയത്. ട്രാവൻകൂർ ആർക്കിയോളജിക്കൽ സീരീസിൽ പ്രദേശത്തെ 'കൈപ്പുത്തൂർ' എന്നാണ് അടയാളപ്പെടുത്തിയിരിക്കുന്നത്. 'ബുദ്ധന്റെ ഊര്' എന്നതിന്റെ തത്ഭവരൂപമായ 'പുത്തൂര്' ആണ് സ്ഥലനാമത്തിലുണ്ടായിരുന്നതെന്ന് അനുമാനിക്കാവുന്നതാണ്. ഓരോ സ്ഥലപേരുകളും രൂപംകൊള്ളുന്നത് അവിടെ മനുഷ്യവാസമുണ്ടാകുമ്പോഴാണ്. കൃഷിയുടെ ആരംഭകാലത്തെ കൂടിയാണ് ഈ സ്ഥലപേര് സൂചന നൽകുന്നത്.

'പള്ളി' ചേർന്ന് വരുന്ന സ്ഥലപേരുകളും വീട്ടുപേരുകളും ഒരു നാടിന്റെ ബൗദ്ധപാരമ്പര്യത്തെ വിളിച്ചോതുന്നവയാണ്. ബൗദ്ധകാലത്തെ വൈദികമായ ആരാധനാലയങ്ങൾ പള്ളികൾ എന്നായിരുന്നു അറിയപ്പെട്ടിരുന്നത്. 'പള്ളിക്കനിരപ്പേൽ' എന്ന വീട്ടുപേര് പ്രദേശത്ത് കണ്ടുവരുന്നു. പിള്ളിവൽക്കരിക്കപ്പെട്ട പങ്കപ്പിള്ളി, മാങ്ങിടപ്പിള്ളി, പൂവയ്ക്കാപ്പിള്ളി, മാനാപ്പിള്ളി, ചാലാപ്പിള്ളി, വട്ടപ്പിള്ളി തുടങ്ങിയ പതിനേഴോളം സ്ഥലം/ പറമ്പ്/ കുടി പേരുകൾ ഇവിടെ കാണുന്നത് ബുദ്ധമതത്തിന്റെ ആഴത്തിലുള്ള സ്വാധീനം വ്യക്തമാക്കുന്നു. പിള്ളി എന്ന ശബ്ദം മലയാളഭാഷയിൽ ഇല്ലാത്തതാണ്. ഇത് ബൗദ്ധവശേഷിപ്പുകൾക്കു മേൽ പ്രവർത്തിച്ച ബ്രാഹ്മണതന്ത്രങ്ങളുടെ ശേഷിപ്പുകൾ

ആണ്. 'പറമ്പ്' ചേർന്ന പറമ്പ്/ കുടി പേരുകൾ പ്രദേശത്ത് ധാരാളമായി കാണപ്പെടുന്നു. വേലംപ്പറമ്പ്, കുഴിപ്പറമ്പ് ഇതിനു ദാഹരണങ്ങളാണ്.

ഈ ഗ്രാമത്തിലെ വെളിയനാട് എന്ന പ്രദേശത്താണ് ശങ്കരാചാര്യരുടെ ജന്മഗൃഹം (മാതൃഗൃഹം മേൽപാഴൂർ മന) സ്ഥിതി ചെയ്യുന്നത്. ബുദ്ധമതത്തെ ഇല്ലായ്മ ചെയ്യുന്നതിൽ പ്രധാന പങ്കു വഹിച്ച ആളാണല്ലോ ശങ്കരാചാര്യർ. വെളിയനാട് പ്രദേശത്ത് ഒരു പഗോഡയുള്ളതായി

Geographical and Statistical Memoir ൽ (Ward and Conner, 1893: 7) രേഖപ്പെടുത്തിയിട്ടുണ്ട്. ആ പഗോഡ നശിപ്പക്കപ്പെട്ടതാണെന്ന് വാമൊഴിചരിത്രത്തിൽ നിന്ന് വ്യക്തമാണ്. അവിടെയുണ്ടായിരുന്ന ശില്പം ഇന്നും ആദിശങ്കരനിലയത്തിൽ ശ്രീരാമസങ്കല്പത്തിൽ ആരാധിക്കപ്പെടുന്നുണ്ട്. ഈ വിഗ്രഹത്തിന് നിൽക്കുന്ന ബുദ്ധവിഗ്രഹത്തോട് (Standing Budha Statue) വിദൂരസാദൃശ്യമുണ്ട് എന്നത് നാട്ടുകഥയിലെ വാദത്തെ പ്രബലപ്പെടുത്തുന്നുണ്ട്. ബുദ്ധാരാധനാലയങ്ങൾക്ക് മേലുള്ള ബ്രാഹ്മണ മതത്തിന്റെ കടന്നു കയറ്റം ഇതിൽ നിന്ന് മനസ്സിലാക്കാനാവും.

മാത്രവുമല്ല ശങ്കരാചാര്യരുടെ ജന്മഗൃഹം സ്ഥിതിചെയ്യുന്ന പ്രദേശത്തോട് ഏറ്റവും ചേർന്നുകിടക്കുന്ന നാലു കുന്നുകളെ രാമായണകഥയുമായി ബന്ധപ്പെട്ട സ്ഥലനാമകരണം ചെയ്തിട്ടുണ്ട്. സീതാദേവി വസിച്ചിരുന്നു എന്നു കരുതുന്ന 'സീതകുന്ന്', സീത നെല്ലുകുത്തി അരി ചേറ്റി ഉമി വീണ എന്ന് കരുതുന്ന 'ഉമിക്കുന്ന്', ഉമിക്കുന്നിന്റെ വടക്ക് വശത്ത് രാവണൻ തേരിറങ്ങിയ 'തേരാലി' എന്ന പ്രദേശം, മാരുതി പ്രത്യക്ഷപ്പെട്ട 'പൊന്മനാട്', ശ്രീരാമൻ മറഞ്ഞുനിന്ന് മാരീചനെ അമ്പെയ്ത 'തിരുമറയൂർ' എന്ന പ്രദേശം. ഇങ്ങനെ ഉള്ള സ്ഥലനാമങ്ങൾ എല്ലാം പ്രദേശത്തെ ബൗദ്ധസ്വാധീനത്തെ നാമാവശേഷമാക്കുന്നതിന് വേണ്ടിയിട്ടുള്ള ബ്രാഹ്മണതന്ത്രത്തിന്റെ ഉദാഹരണങ്ങളാണ്. ഈ പ്രദേശത്ത് ആര്യവൽക്കരണത്തിന്റെ ഭാഗമായി യഥാർത്ഥചരിത്രത്തെ മറയ്ക്കുന്നതിന് ആവശ്യമായ വിധം ബ്രാഹ്മണിക താൽപ്പര്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതിന് ആവശ്യമായ കഥകൾ പ്രചരിപ്പിച്ചു. ജനങ്ങൾക്കിടയിൽ നിന്നു ബുദ്ധമതചരിത്രത്തെ ബോധപൂർവ്വം മറയ്ക്കുന്നതിന് ആവശ്യമായ തരത്തിൽ സ്ഥലനാമചരിത്രവുമായി

ബന്ധപ്പെടുത്തി പ്രദേശത്ത് രാമായണകഥ പ്രചരിച്ചു.

കേരളത്തിലെ ബ്രാഹ്മണവത്കരണത്തിൽ തന്ത്രപരമായി ഏറ്റവും കൂടുതൽ ഉപയോഗിക്കപ്പെട്ടത് അധ്യാത്മരാമായണ മാണ്. അതിൽനിന്ന് ആ പ്രദേശത്തിന്റെ ബൗദ്ധപാരമ്പര്യം എത്രത്തോളം ശക്തമായിരുന്നു എന്നത് വ്യക്തമാണ്. ബുദ്ധമത സംഘം ആദ്യം എത്തിയ വയനാട്ടിലും ഇത്തരത്തിൽ സ്ഥലനാമങ്ങളുമായി ബന്ധപ്പെട്ട ബ്രാഹ്മണതന്ത്രങ്ങൾ പ്രയോഗിച്ചിരുന്നു എന്നത് വ്യക്തമാണ്. സമൂഹത്തെ വിഭജിക്കുന്ന ജാതിവർണ്ണ വ്യവസ്ഥകളെ എതിർത്തിരുന്ന ബുദ്ധമതം ബ്രാഹ്മണമതത്തിന്റെ നിലനിൽപ്പിനെ തന്നെ ദോഷകരമായി ബാധിക്കും എന്ന് തോന്നലാണ് ഇത്തരം തന്ത്രങ്ങൾ പ്രയോഗിക്കുവാൻ ബ്രാഹ്മണരെ പ്രേരിപ്പിച്ചത്.

**കാർഷികമേഖലയിലെ ബുദ്ധമതസ്വാധീനം**

ഈ പ്രദേശത്തിന്റെ സംഘകാലചരിത്രം പരിശോധിക്കുമ്പോൾ മരുതം ഉൾപ്പെട്ടിരുന്ന പ്രദേശമായിരുന്നു എന്നത് വ്യക്തമാണ്. മരുതം തിണകളെ നെൽകൃഷിയിലൂടെ വികസിപ്പിച്ച ഭക്ഷ്യസമൃദ്ധിയിലേക്ക് നയിച്ച് കാർഷികമായ ഒരു നാഗരികത വികസിപ്പിച്ചതിൽ ബുദ്ധമതത്തിന് വലിയ പങ്കുണ്ട്. ഈ പ്രദേശത്തെ പ്രധാന ഉപജീവനമാർഗ്ഗമാണ് കൃഷിയും മൃഗപരിപാലനവും. പരമ്പരാഗതമായി തന്നെ നെല്ലിനോടൊപ്പം പയറും വ്യാപകമായി കൃഷി ചെയ്തിരുന്നു. കലപ്പ ഉപയോഗിച്ചുള്ള കൃഷിരീതികൾ നിലനിന്നിരുന്നു. കൃഷിയിടങ്ങളുടെ ജലസേചനത്തിനായി തോടുകളെ വ്യാപകമായി ആശ്രയിച്ചിരുന്നത്. കൃഷിയിടങ്ങളിലെ കലപ്പയുടെ ഉപയോഗവും തോടുകളിലൂടെയുള്ള ജലസേചനമാർഗവും ബുദ്ധമത സംഭാവനയാണ്. "ഉത്തരേന്ത്യയിൽ നിന്നുള്ള കലപ്പകൾ ദക്ഷിണേന്ത്യൻ ആദ്യമായി പ്രചിപ്പിച്ചത് ബുദ്ധമതക്കാരായിരുന്നു" (സുഗതൻ, 2011: 31).

**വ്യക്തിനാമങ്ങളിലെ ബുദ്ധമതസ്വാധീനങ്ങൾ**

ഈ പ്രദേശത്ത് ആളുകളുടെ പേരുകളിൽ 'മാക്കോത'യെന്ന പേര് വ്യാപകമായി കാണപ്പെട്ടിരുന്നു. അറുപത് വയസ്സായ പ്രദേശവാസികളുടെ ഓർമ്മകൾ പരിശോധിക്കുമ്പോൾ പോലും പ്ര

ദേശത്തെ എല്ലാ ഈഴവ കുടുംബങ്ങളിലും തന്നെ ഒരാളുടെയെങ്കിലും പേര് മാക്കോതയെന്നാണെന്ന് മനസ്സിലാക്കാൻ സാധിച്ചു. കോത എന്നത് ഗൗതമന്റെ തത്ഭവരൂപമാണ്. മഹാഗൗതമനാണ് മാക്കോതയെന്നായി മാറിയതെന്ന് അനുമാനിക്കാം.

സ്ഥലനാമങ്ങളിലെപോലെയാണ് വ്യക്തിനാമങ്ങളിലും കാണപ്പെടുന്ന ബുദ്ധബന്ധം. കേരളത്തിൽ കണ്ട് വരുന്ന പൊതുവായ ബുദ്ധബന്ധം പ്രദേശത്തെ വ്യക്തിനാമങ്ങളിലും കാണപ്പെടുന്നത്. കുട്ടൻ, നാണപ്പൻ, നാണു. നാണൻ, ഗൗതമി, ചാത്തൻ, താര, കോത, അജിത, യശോദ, കണ്ണൻ, രാഹുൽ, സുജാത, സുഗതൻ, ആനന്ദൻ, പത്മാവതി മുതലായ വ്യക്തിനാമങ്ങൾ പ്രദേശത്ത് ധാരാളമായി കണ്ടു വരുന്നു. ഈ വ്യക്തിനാമങ്ങൾ കടന്നുവന്നത് ബുദ്ധമതസ്വാധീനം മൂലമാണ്.

കൊച്ചുകുട്ടികളെ കുട്ടൻ എന്നു വിളിക്കുന്ന പതിവ് പ്രദേശത്ത് സർവ്വസാധാരണമായി കണ്ടുവരുന്നു. 'കുട്ടൻ' എന്ന പേര് അയ്യൻ എന്നപോലെ ശാക്യമുനിയുടെ ഒരു ഗ്രാമ്യനാമമാണ് (അജയ് ശേഖർ, 2018: 1). അയ്യൻ, കുട്ടൻ, പുത്തൻ, ഭൂതൻ ഇവയെല്ലാം ബുദ്ധന്റെ പ്രാദേശികനാമങ്ങളാണ്. നാണപ്പൻ, നാണൻ മുതലായവ പുത്തരുടേയും തീർത്ഥങ്കരന്മാരുടെയും വിളിപ്പേരുകളാണ്. നാണം കുഞ്ഞിയായ ബാലബുദ്ധനായ നാണപ്പനും നാണം മറന്നിരുന്ന തീർത്ഥങ്കരന്മാരെയും പ്രാചീന കേരളം വിളിച്ചിരുന്ന പേരുകളാണ് ഇവ.

ഈ പ്രദേശത്ത് ഗുരുസ്ഥാനീയരായവരെ ആശാൻ എന്നും പിതൃസ്ഥാനീയരായവരെയും അപ്പൻ, അച്ഛൻ, അപ്പച്ചൻ മുതലായ പേരുകളിലും അഭിസംബോധന ചെയ്യുന്നു. ഇവയെല്ലാം ബുദ്ധമത സൂച കങ്ങളായ പേരുകളാണ്.

**ചികിത്സാസമ്പ്രദായത്തിലെ ബുദ്ധമതസ്വാധീനം**

പ്രദേശത്തെ പ്രധാന ചികിത്സാസമ്പ്രദായമാണ് പാരമ്പര്യ ആയുർവേദചികിത്സ. ഈഴവർ, പുലയ വിഭാഗത്തിൽപ്പെട്ട ധാരാളം പാരമ്പര്യ ആയുർവേദവൈദ്യന്മാർ ഈ പ്രദേശത്ത് കാണപ്പെടുന്നു. ആയുർവേദത്തിന്റെ അടിസ്ഥാന ഗ്രന്ഥമായ അഷ്ടാംഗഹൃദയത്തിന്റെ രചയിതാവായ വാഗ്ഭടാചാര്യൻ ഒരു ബുദ്ധഭിക്ഷു ആയിരുന്നു. പ്രദേശത്തെ പാരമ്പര്യ ആയുർവേദ

വൈദ്യന്മാരുടെ ബാഹുല്യം, ചികിത്സാസമ്പ്രദായത്തിലെ ബുദ്ധ മത സ്വാധീനതയാണ് വ്യക്തമാക്കുന്നത്.

**ശൈലിയിലെ ബുദ്ധമതസ്വാധീനം**

കേരളത്തിൽ പൊതുവായി കണ്ടുവരുന്ന ബുദ്ധമതസ്വാധീ നം ഉള്ള ശൈലി 'മഞ്ഞ കൊണവധികാരം പറയരുത്' എന്ന താണ്. ഉപദേശിക്കുന്നവർക്ക് നൽകുന്ന താക്കീത് രൂപത്തിൽ "കൊണവധികാരം പറയരുത്" എന്ന ഒരു ശൈലി പ്രദേശവാ സികൾക്കിടയിൽ സ്വീകാര്യത ലഭിച്ചിട്ടുള്ള ഒന്നാണ്. എന്നാൽ മഞ്ഞ എന്ന വാക്ക് പ്രദേശത്ത് ഉപയോഗിക്കുന്ന ശൈലികളിൽ നിന്ന് അപ്രത്യക്ഷമായിട്ടുണ്ട്. "നിന്റെ കൊണവതിയാരം എനി യ്ക്ക് കേൾക്കണ്ട" "കണകൊണ പറയണ്ട" മുതലായ ശൈലികൾ രൂപപ്പെട്ടിട്ടുള്ളത്. ബുദ്ധസന്യാസിമാർ ആളുകളെ ഉണദോഷിച്ച തിനു നിന്നും ആകാം.

**എടയ്ക്കാട്ടുവയലിലെ വാമൊഴിയിലെ ബുദ്ധമതസ്വാധീനവും**

പാലി, മാഗധി മുതലായ പ്രാകൃതഭാഷകളിലെ ധാരാളം പദങ്ങൾ പ്രാദേശിക വ്യവഹാരഭാഷയിൽ കണ്ടെത്താനാകും. കേരളത്തിൽ പൊതുവായി കണ്ടുവരുന്ന ബുദ്ധമതസ്വാധീനം തന്നെയാണ് പ്രദേശത്തെ വ്യവഹാരഭാഷയിലും കണ്ടെത്താ നാകുന്നുള്ളൂ. ബുദ്ധമതാനുയായികൾക്കിടയിൽ പ്രചാരത്തിൽ ഉണ്ടായിരുന്ന പാലിഭാഷയുടെ സ്വാധീനം പ്രാദേശികഭാഷ യിൽ കണ്ടെത്താനാകും. ചരിത്രശേഷിപ്പുകൾ പോലെയാണ് ഭാഷയിലും സ്ഥലനാമങ്ങളിലും പറമ്പുകളുടെ പേരിലും വീട്ടുപേ രുക ളിലും വാമൊഴിവഴക്കത്തിലും പതിഞ്ഞിരിക്കുന്ന ബുദ്ധമത സ്വാധീനം.

പ്രദേശത്തെ വ്യവഹാരഭാഷയിൽ പ്രചരിച്ചിട്ടുള്ള വ്യാക്ഷേ പശബ്ദമായ "അച്ചോ" "അയ്യോ" "അയ്യോ പത്തോ" മുതലായ പദങ്ങൾ ശ്രീബുദ്ധനെ അഭിസംബോധന ചെയ്യുന്ന 'അയ്യൻ' 'അജൻ' എന്നീ സംസ്കൃതപദങ്ങളുടെ പ്രാകൃതരൂപങ്ങളിൽ നിന്നും രൂപപ്പെട്ടിട്ടുള്ളതാണ്. ശ്രീബുദ്ധനെ അഭിസംബോധന ചെയ്യുന്ന പ്രാർത്ഥനയാണ് ഈ വ്യാക്ഷേപക ശബ്ദത്തിന്റെ ഉറവിടം. ഈ പ്രദേശത്ത് മേൽപ്പറഞ്ഞ വ്യാക്ഷേപക ശബ്ദങ്ങൾ കൃത്യമായി

നിരോധിച്ചിരുന്നു. കാരണം കുട്ടികളുടെ അയ്യോ വിളികളോട് കൂടിയ കരച്ചിലുകളെ ഇന്നും പ്രായമേറിയവർ വിലക്കാറുണ്ട്. ‘അയ്യോ പത്തോ’ എന്ന നിലവിളി അശുഭസൂചനയാണെന്നു പറഞ്ഞാണ് അച്ഛനമ്മമാർ വിലക്കാറുള്ളത്. ബുദ്ധമതത്തോട് വിരോധം പടർത്താൻ കുഞ്ഞുന്നാളിലേ ഈ ബോധത്തിലേക്ക് നയിക്കാൻ വേണ്ടിയായിരുന്നു ഈ വിശ്വാസം അടിച്ചേൽപ്പിച്ചത്. സന്തോഷസൂചകമായും ഇന്നും “അയ്യോ” വിളികൾ പ്രാദേശിക വാമൊഴികളിൽ കേൾക്കാൻ സാധിക്കുന്നുണ്ട്. ‘ബുദ്ധൻ എന്ന അർത്ഥം വരുന്ന അയ്യൻ’ എന്ന തമിഴ്പദത്തിന്റെ ഭാഷാപരമായ തിരുശേഷിപ്പാണ് സന്തോഷസൂചികമായ ‘അയ്യോ’ വിളികളിൽ പ്രതിധ്വനിക്കുന്നത്. അയ്യൻ, അയ്യർ, അപ്പൻ, അച്ഛൻ എന്നിവ തമിഴകത്തും കേരളത്തിലും ബുദ്ധനെയും ബോധിസത്വന്മാരെയും തീർഥങ്കരന്മാരെയും വിളിക്കുന്ന പേരുകൾ ആണ്.

വിദ്യാലയങ്ങളെ പ്രാദേശികഭാഷയിൽ വ്യാപകമായി ഇന്നും ‘പള്ളിക്കൂടങ്ങൾ’ എന്നാണ് വിശേഷി പ്പിക്കുന്നത്. ബുദ്ധാരാധനാലയങ്ങളോട് ചേർന്ന് കാണപ്പെട്ടിരുന്ന പള്ളികളുടെ സ്വാധീനം ആണ്. പ്രദേശവാസികൾ അധിക്ഷേപാർത്ഥം ഉപയോഗിക്കുന്ന ‘ശൂന്യർ ഹീനമായ പ്രവർത്തി’ (അജയ് ശേഖർ, 2018: 207) തുടങ്ങിയ ബുദ്ധമതസംബന്ധമായ പദങ്ങൾ പ്രദേശത്തെ വാമൊഴി വഴക്കത്തിൽ സർവ്വസാധാരണമാണ്. പ്രാദേശികജനതയുടെ ഇടയിൽ പ്രാധാന്യം നേടിയിരുന്ന ഹീനയാനക്കാരോടുള്ള ബ്രാഹ്മണിസത്തിന്റെ അധിക്ഷേപത്തിന്റെ അവശേഷിപ്പായിട്ടാണ് ഈ പദപ്രയോഗങ്ങളെ മനസ്സിലാക്കാനാകുന്നത്.

നാട്ടുമൊഴികളിൽ പ്രദേശവാസികൾ മുസ്ലിം വിഭാഗത്തിൽപ്പെട്ടവരെ ‘മേത്തൻ’ എന്നും ക്രൈസ്തവ വിഭാഗത്തിൽപ്പെട്ടവരെ ‘മാപ്പിള’ എന്നും ‘മാർഗ്ഗം കൂടിയവർ’ എന്നും ആണ് വിശേഷിപ്പിക്കുന്നത്. മുസ്ലിം വിഭാഗത്തെ വിശേഷിപ്പിക്കുന്ന ‘മേത്തൻ’ എന്ന പദം ‘മ്ലേച്ഛൻ’ എന്ന സംസ്കൃതപ്രയോഗ ത്തിന്റെ ഭാഷാരൂപമാണ്. ഈ വാക്കിൽ നിഴലിക്കുന്നത് മുസ്ലീം പക മാത്രമല്ല ഒപ്പം ബൗദ്ധ ആശയങ്ങളെ എതിർക്കുന്നതിന്റെ കൂടെ സൂചനകളാണ് ഈ വാക്കിനു പിന്നിലെ ഉല്പത്തിചരിത്രം പരിശോധിച്ചാൽ വ്യക്തമാക്കുന്നത്.

'മാപ്പിള' എന്നും 'മാർഗ്ഗം കൂടിയവർ' എന്നും ക്രൈസ്തവരെ വിശേഷിപ്പിക്കുന്ന പതിവ് ഇന്നും നില നിൽക്കുന്നുണ്ട്. ബൗദ്ധ വൈര്യം തന്നെയാണ് ഈ പ്രയോഗങ്ങളിലും പ്രകടമാകുന്നത്. "ബുദ്ധം എന്ന പദം മ്ലേച്ഛമെന്ന പദത്തിനു തുല്യമാക്കി മുസ്ലിങ്ങളെയും ക്രിസ്ത്യാനികളെയും സൂചിപ്പിക്കാനും മധ്യകാലത്തിനു ശേഷം ഉപയോഗിച്ചു പോരുന്നു. (അജയ് ശേഖർ, 2018: 23) ബൗദ്ധമാർഗ്ഗത്തിൽ നിന്നും ഹിന്ദുത്വം സ്വീകരിച്ച് ക്രിസ്തുമാർഗ്ഗത്തിലേക്കും മുഹമ്മദിന്റെ വഴിയിലേക്കും തിരിഞ്ഞവരോടുള്ള അല്ലെങ്കിൽ തിരിഞ്ഞതിന്റെ വൈര്യമാണ് വാക്കുകളിൽ നിഴലിക്കുന്നത്. എങ്കിലും പിന്നീട് എപ്പോഴോ അത് 'നമ്പൂതിരി വിഭാഗത്തിൽ നിന്ന് മാർഗ്ഗം കൂടിയവർ' എന്ന് ബോധപൂർവ്വം തിരുത്തുന്നുണ്ട്.

**ഭക്ഷണസംസ്കാരത്തിലെ ബുദ്ധമതസ്വാധീനങ്ങൾ**

എടയ്ക്കാട്ടുവയലിലെ ഭക്ഷണസംസ്കാരത്തിൽ കേരളത്തിൽ പൊതുവായി കണ്ടുവരുന്ന ബൗദ്ധസ്വാധീനം മാത്രമാണ് കണ്ടെത്താനാകുന്നത്. ആവിയിൽ പുഴുങ്ങുന്ന ഭക്ഷണങ്ങൾ ബൗദ്ധസ്വാധീനം ഫലമാണ്. എണ്ണ തൊടാതെ ആവിയിൽ പുഴുങ്ങുന്ന ഭക്ഷണമായ കൊഴുക്കട്ട, പുട്ട്, ഇടിയപ്പം, ഇടനയിലയപ്പം, ചക്കയട, അരിയട, ഇലയട മുതലായ പ്രാദേശിക ഭക്ഷണസംസ്കാരത്തിലെ പ്രധാന ഭക്ഷണങ്ങൾ എല്ലാം തന്നെ ബൗദ്ധഭക്ഷണത്തിന്റെ സ്വാധീനഫലമായി രൂപപ്പെട്ടവയാണ്. ബൗദ്ധസംസ്കാരത്തോടുള്ള സവർണ്ണ പൗരോഹിത്യത്തിന്റെ പരിഹാസം ഭക്ഷണങ്ങളോടും കാണാൻ സാധിക്കുന്നുണ്ട്. പുട്ടിനെ പരിഹാസ്യ രൂപേണ കമ്പംതുറി എന്ന് പ്രദേശത്ത് വിശേഷിപ്പിക്കുന്നതായി കാണുന്നു. 'പുട്ട്' എന്ന വാക്ക് സിംഹളമാണ് എന്ന് അഭിപ്രായമുണ്ട് (സുഗതൻ, 2011, 208).

**ഉപസംഹാരം**

പ്രദേശത്തെ ജീവിതചര്യകളിലും പെരുമാറ്റശീലങ്ങളിലും വാക്കിലും പേരിലും വാമൊഴി വഴക്കത്തിലും പറമ്പ്/കുടി/ സ്ഥലപേരുകളിലും ചരിത്രശേഷിപ്പുകളിലും വാസ്തുശില്പങ്ങളിലും ബുദ്ധമതസ്വാധീനം കണ്ടെത്താനായി. സാമ്പ്രദായിക ചരിത്ര

രചനയിൽ നിന്നു വ്യത്യസ്തമായി പ്രാദേശികചരിത്രരചനയുടെ സാധ്യത കണ്ടെത്താനായി. മതങ്ങൾക്ക് അതീതമായി നില കൊണ്ടിരുന്ന ബുദ്ധമതാഖ്യാനങ്ങൾ സാമുദായികതയിൽ ഊന്നിയതാണ്. അതിനാൽ അവയെ വീണ്ടെടുക്കേണ്ടത് കാലത്തിന്റെ ആവശ്യമാണ്. പ്രാദേശികചരിത്രരചനകൾ ചരിത്രരചനസമീപനത്തെ തന്നെ പുനഃപരിശോധിക്കുവാൻ പ്രേരണയാകും.

## ഗ്രന്ഥസൂചി

അജയ് ശേഖർ, 2018, *പുത്തൻ കേരളം, കേരളസംസ്കാരത്തിന്റെ ബൗദ്ധ അടിത്തറ,* കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

അജു കെ നാരായണൻ, 2012, *കേരളത്തിലെ ബുദ്ധമതപാരമ്പര്യം നാട്ടറിവുകളിലൂടെ,* സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം.

മുകുന്ദൻ കുറുപ്പ്, 2018, *കേരള സംസ്കാരചരിത്രം ബ്രാഹ്മണഗ്രാമങ്ങളിലൂടെ,* സാഹിത്യ പ്രവർത്തക സഹകരണസംഘം, കോട്ടയം.

ഡോൺ ബോസ്കോ, 2017, *മുസിരിസ്സിന്റെ കാൽപ്പാടുകളിലൂടെ*, മാതൃഭൂമി ബുക്ക്സ്, കോഴിക്കോട്.

വാലത്ത്, വി. വി. കെ. *കേരളത്തിലെ സ്ഥലചരിത്രങ്ങൾ എറണാകുളം ജില്ല,* 1991, കേരള സാഹിത്യ അക്കാദമി പ്രസിദ്ധീകരണം, തൃശ്ശൂർ.

ശ്രീധരൻ, കെ കെ, 2021, *നമ്മുടെ പൂർവ്വകാല ചരിത്രം ചില പുതിയ കണ്ടെത്തലുകൾ,* കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട്.

സുഗതൻ, കെ. 2011 *ബുദ്ധമതവും ജാതിവ്യവസ്ഥയും*, പ്രോഗ്രസ് പബ്ലിക്കേഷൻ, കോഴിക്കോട്.

Ward, Lieutenants and Conner, 1893, *Geographical and Statistical Memoir*.

sreekrishnasujith@gmail.com